## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2223 — 10.10.2011 ൽ മറുപടിക്ക്

### യാത്രപോകാൻ വിസമ്മതിക്കുന്ന ഓട്ടോറിക്ഷകൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ റെയിൽവേസ്റ്റേഷനുകളിലും ബസ്സ്സ്റ്റാന്റുകളിലും വന്നിറങ്ങുന്ന യാത്രക്കാർക്ക് തുടർ യാത്രയ്ക്ക് ഓട്ടോറിക്ഷ ലഭിക്കാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ & ബി) ചില ഓട്ടോ ഡ്രൈവർമാർക്കെതിരെ ഈ വിഷയത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. അത്തരം പരാതികൾ ബന്ധപ്പെട്ട ആർ.ടി.ഒ. മാർക്ക് അന്വേഷിച്ച് നടപടി എടുക്കുന്നതിനു വേണ്ടി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) യാത്രക്കാർക്ക് പോകേണ്ട സ്ഥലം അന്വേഷിച്ചശേഷം ചില റൂട്ടുകളിൽ യാത്രപോകാൻ വിസമ്മതിക്കുന്നതും അമിതകൂലി ഈടാക്കുന്നതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) തിരുവനന്തപുരം പോലെയുള്ള നഗരങ്ങളിൽ ഓട്ടോറിക്ഷകൾക്ക് പുതിയ പെർമിറ്റുകൾ നൽകാറില്ലെന്നും സമീപ പഞ്ചായത്തുകളിൽ നിന്നും എത്തുന്ന ഓട്ടോറിക്ഷകളാണ് നിയമങ്ങൾ ലംഘിക്കുന്നത് എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) അന്യസ്ഥലങ്ങളിൽ നിന്ന് വരുന്ന യാത്രക്കാരെയാണ് കൂടുതൽ ബുദ്ധിമുട്ടിക്കുന്നതെന്ന പരാതികൾ ഗൗരവമായി കാണുമോ; | ഡി & ഇ) ഇത്തരം വിഷയങ്ങൾ ഗൗരവമായിത്തന്നെ പരിശോധിക്കുന്നുണ്ട്. പരാതികൾ ബന്ധപ്പെട്ട ആർ.ടി.ഒ. മാർക്ക് അന്വേഷിച്ച് നിയമാനുസൃതമുള്ള നടപടി എടുക്കുന്നതിനു വേണ്ടി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ഇ) തദ്ദേശീയരും സംസ്ഥാനത്തിനു പുറത്തുള്ളവരുമായ യാത്രക്കാരോട് ഒരു വിഭാഗം ഓട്ടോറിക്ഷക്കാർ മോശമായി പെരുമാറുന്നതും അമിത കൂലി ഈടാക്കുന്നതും നാടിനെക്കുറിച്ച് മോശമായ അഭിപ്രായം ഉണ്ടാക്കുന്നു എന്ന കാര്യം പരിശോധിക്കുമോ; | |

(എഫ്) കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിൽ ഒരോ സ്ഥലത്തും ഓട്ടോറിക്ഷകൾക്ക് പെർമിറ്റും പ്രത്യേക തിരിച്ചറിയൽ നമ്പരും നൽകി അവയെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

എഫ്) നിലവിൽ സിറ്റി പെർമിറ്റുകൾ ഉള്ള വാഹനങ്ങൾക്ക് 'TC' തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്താറുണ്ട്. പഞ്ചായത്തുകളിൽ നിന്നും വരുന്ന വാഹനങ്ങൾ നഗരത്തിൽ പ്രവേശിക്കുന്നത് നിയന്ത്രിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

സെക്ഷൻ ഓഫീസർ